DEPARTMENT OF AGRICULTURE
FARM INFORMATION BUREAU
FARM NEWS

16.05.2019

# കാർഷികമേഖലാവാർത്തകൾ

## തൈകളും വിത്തുകളും വിൽപനയ്ക്ക്

കേരള കാർഷിക സർവകലാശാലയുടെ കണ്ണാറ വാഴ ഗവേഷണ കേന്ദ്രത്തിൽ നെടുനേന്ത്രൻ, ഗ്രാന്റ് നെയിൻ എന്നീ ടിഷ്യൂകൾച്ചർ വാഴതൈകളും ജ്യോതിക ഇനം പയർവിത്തും വിൽപനയ്ക്കുണ്ട്. ആവശ്യമുള്ളവർ 0487 – 2699087, 9495419699 എന്നീ നമ്പരുകളിൽ ബന്ധപ്പെടുക.

## ഹൈടെക്ക് അടുക്കളതോട്ട നിർമ്മാണവും പരിപാലനവും – ഏകദിന പരിശീലനപരിപാടി.

കൊല്ലം മുഴുവൻ വീട്ടാവശ്യത്തിന് പച്ചക്കറി ഉണ്ടാക്കുവാൻ ഉപയുക്തമായരീതിയിൽ കാൽ സെന്റിലും അര സെന്റിലും നിർമ്മിച്ചിട്ടുള്ള പോളിഹൗസുകൾ വെള്ളാനിക്കരയിലുള്ള ഹൈടെക്ക് റിസർച്ച് & ട്രെയിനിങ്ങ് യൂണിറ്റിൽ രൂപകൽപ്പന ചെയ്തിട്ടുണ്ട്. വലിയ അദ്ധ്വാനമില്ലാതെ വർഷത്തിൽ 365 ദിവസവും ഒരു വീട്ടിലേക്കാവശ്യമായ പച്ചക്കറികൾ ഉണ്ടാക്കുന്നതിനുവേണ്ടി ടെറസിലും മുറ്റത്തും അധികം കീടബാധ ഏൽക്കാതെ എളുപ്പത്തിൽ ചെടികളെ പരിചരിക്കാൻ കഴിയുംവിധം ആണ് ഇത് രൂപകൽപ്പന ചെയ്തിരിക്കുന്നത്. ഈ മാസം 18 –ാം തീയതിയിൽ

ഇൻസ്ട്രക്ഷണൽ ഫാം വെള്ളാനിക്കരയിൽ  വച്ച് നടത്തുന്ന ഒരു ദിവസത്തെ പരിശീലനപരിപാടിയിൽ കാൽ സെന്റിലും അര സെന്റിലും നിർമ്മിച്ചിട്ടുള്ള ഹൈടെക്ക് അടുക്കളതോട്ടത്തിന്റെ നിർമ്മാണവും പരിപാലനവും, 40 ചെടികൾ വരെ നടാവുന്ന മൾട്ടിടയർ ഗ്രോബാഗ് സെറ്റിങ്ങ്, പോട്ടിങ്ങ് മിശ്രിതം ഉണ്ടാക്കുക, വിത്ത് പരിപാലനം, ഹൈടെക്ക് രീതിയിൽ നഴ്സറിചെടികൾ ഉണ്ടാക്കുന്ന വിധം, വളപ്രയോഗം, ഒരുവീട്ടിലേക്കാവശ്യമായ ചെടികൾ തിരഞ്ഞെടുക്കൽ, രോഗകീടനിയന്ത്രണം, മണ്ണുപരിപാലനം, വിവിധവിളകളുടെ പരിപാലനം, ജൈവവളങ്ങളുടേയും കീടനാശിനികളുടേയും നിർമ്മാണം എന്നീ വിഷയങ്ങളിൽ, Dr. P. Suseela, Professor, (Hi- Tech Research & Training Unit, Kerala Agricultural University യിൽ വച്ച്  ക്ലാസ്സുകൾ എടുക്കുന്നതായിരിക്കും. കൂടുതൽ വിവരങ്ങൾക്ക്  രാവിലെ **10.00** മുതൽ വൈകിട്ട് **4.00** മണി വരെ **7025498850** എന്ന നമ്പറിൽ ബന്ധപ്പെടുക.

## പരിശീലന പരിപാടി

കേരള കാർഷിക സർവകലാശാല മണ്ണൂത്തി കമ്മ്യൂണിക്കേഷൻ സെന്ററിൽ ഈ മാസം 21 ന് കൂൺകൃഷി എന്നവിഷയത്തിലും 24 ന് ആടുവളർത്തൽ എന്ന വിഷയത്തിലും പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. 500 രൂപയാണ് രജിസ്ട്രേഷൻ ഫീസ്. പരിശീലന പരിപാടിയിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ 0487 – 2370773, 9074403449 എന്നീ ഫോൺ നമ്പരുകളിൽ വിളിച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

# അറിയിപ്പ്

കുരിയോട്ടുമല ഗവ. ഹൈടെക് ഡയറി ഫാമിലെ ഉത്പാദനക്ഷമത കുറഞ്ഞതും ആദായകരമല്ലാത്തതുമായ 42 ആടുകളെ ഈ മാസം 21 ന് പകൽ 11 മണിയ്ക്ക് ഫാം പരിസരത്തുവെച്ച് പരസ്യമായി ലേലം ചെയ്യുന്നതാണ്. ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ 2500/- രൂപ നിരതദ്രവ്യം കെട്ടി വെയ്ക്കേണ്ടതാണ്. ഏറ്റവും കൂടുതൽ തുക രേഖപ്പെടുത്തിയ ആളിന്റെ പേർക്ക് ലേലം അപ്പോൾത്തന്നെ ഉറപ്പിക്കുന്നതും ലേലം സ്ഥിരപ്പെടുത്തി ലഭിച്ച ആൾ ലേലത്തുക അപ്പോൾത്തന്നെ കെട്ടി വച്ച് രസീത് വാങ്ങേണ്ടതും ആടിനെ ഫാമിൽ നിന്ന് കൊണ്ടുപേകേണ്ടതുമാണ്. അതിനു വീഴ്ച വരുത്തിയാൽ അപ്പോൾതന്നെ പുനർലേലം നടത്തുന്നതും ടിയാന്റെ നിരതദ്രവ്യം സർക്കാരിലേയ്ക്ക് മുതൽക്കൂട്ടുന്നതും ആയിരിക്കും. ലേലം സ്ഥിരപ്പെടുത്തുവാനും നിരസിക്കുവാനും ഉള്ള അധികാരം ഫാം സൂപ്രണ്ടിൽ നിക്ഷിപത്മായിരിക്കും. സർക്കാർ ലേല സംബന്ധമായ എല്ലാ നിബന്ധനകളും ഈ ലേലത്തിനും ബാധകമാണെന്ന് കുരിയോട്ടുമല ഹൈടെക് ഡയറി ഫാമിലെ സൂപ്രണ്ട് അറിയിക്കുന്നു.